# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ. യു.പി.എസ്
## കുടപ്പനക്കുന്ന്

**2025-26**

## ഉള്ളടക്കം


- ആമുഖം
- അക്കാദമികം
- സ്കൂൾ അടിസ്ഥാനവിവരങ്ങൾ
- വിദ്യാലയത്തിന്റെ അക്കാദമിക പൊതുസ്ഥിതി
- മുൻവർഷത്തെ പരീക്ഷാഫലം
- മുൻവർഷത്തെ വിഷയം തിരിച്ചുള്ള ഗ്രേഡുകൾ
- മറ്റ് മികവുകൾ
- പൊതുലക്ഷ്യങ്ങൾ
- മികവിന്റെ കാഴ്ചപ്പാട്
- മലയാളം-ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, അനുരൂപീകരണപ്രവർത്തനങ്ങൾ
- ഇംഗ്ലീഷ്-ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, അനുരൂപീകരണപ്രവർത്തനങ്ങൾ
- ഹിന്ദി -ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, അനുരൂപീകരണപ്രവർത്തനങ്ങൾ
- ഗണിതം-ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, അനുരൂപീകരണപ്രവർത്തനങ്ങൾ
- അടിസ്ഥാനശാസ്ത്രം- ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, അനുരൂപീകരണ പ്രവർത്തനങ്ങൾ
- സാമൂഹ്യശാസ്ത്രം - ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, അനുരൂപീകരണപ്രവർത്തനങ്ങൾ
- കലാകായികം - ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ
- വിവരസാങ്കേതികവിദ്യ - ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ

## ആമുഖം

1903 ഏപ്രിൽ 22 ന് സി.കെ കൃഷ്ണവിലാസം എന്ന പേരിൽ നിലവിൽ വന്ന ഈ വിദ്യാലയം സാമുഹിക, സാമ്പത്തിക, സാംസ്കാരിക വിവേചന മില്ലാതെ ഈ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും ആശ്രയ കേന്ദ്രമായിരുന്നു. 1969 ൽ യു.പി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ട ഈ സ്കൂൾ മറ്റേതൊരു പൊതുവിദ്യാലയത്തേയും പോലെ പാരമ്പര്യത്തിന്റെ പ്രൗഢിയേറ്റ് നിൽക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയിൽ കടന്നു കയറിയ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഭൗതിക മികവുകൾക്ക് മുന്നിൽ പൊതു സമൂഹം കാലിടറിയത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഈ വിദ്യാലയവും അനുഭവിച്ചതാണ്. ഈ വിദ്യാലയത്തിന് വളരെ അടുത്ത് പ്രവർത്തിക്കുന്ന അൺഎയ്ഡഡ് വിദ്യാലയം, ഈ വിദ്യാലയ ത്തിലേക്ക് വന്നിരുന്ന കുട്ടികളെ ആകർഷിക്കാൻ തക്ക ഭൗതിക മികവും, വാഹന സൗകര്യവും നേടിയെന്നത് ആശ്ചര്യമുളവാക്കുന്നതാണ്. എന്നാൽ സമീപ കാലത്തു  ായ പൊതു വിദ്യാഭ്യാസ മേഖലയിലെ ഉണർവ്, വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിലേക്ക് കുട്ടികളെ ആകർഷിക്കാൻ ഇടയാക്കിയിട്ടു ് എന്ന യാഥാർത്ഥ്യം കൂടി പറഞ്ഞുകൊള്ളട്ടേ. അധ്യാപക രക്ഷകർ സമൂഹം, പൊതു സമൂഹത്തിന്റെയും സഹകരണത്തോടെ ഈ ഉണർവിനെ വലിയ മുന്നേറ്റമാക്കി മാറ്റാൻ കഴിയും എന്ന് ഉറപ്പാണ്.

## അക്കാദമിക ആമുഖം

ശരാശരി പഠനനിലവാരം പുലർത്തുന്നവരാണെങ്കിൽ കൂടി അതിശയിപ്പിക്കുന്ന ഉന്നത പഠനനിലവാരം സ്വായത്തമാക്കിയ കുട്ടികൾ ഈ വിദ്യാലയത്തിന്റെ മുതൽകൂട്ടാണ്. സാമൂഹിക സാമ്പത്തിക നിലവാരം ബഹുഭൂരിപക്ഷം കുട്ടികളും ഉന്നത നിലവാരത്തിലുള്ളതല്ലെങ്കിൽ കൂടി, വിദ്യാലയത്തിൽ അവർക്ക് ലഭിക്കുന്ന സമത്വം അവരെ വിദ്യാലയത്തിൽ സുരക്ഷിത ബോധം നൽകുന്നു. വീട്ടിലെ അവസ്ഥയിൽ പ്രതീക്ഷിക്കുന്ന പഠന പിന്തുണ ലഭിക്കുന്നില്ല എന്നത്, വിദ്യാലയത്തിൽ നിന്ന് പഠിക്കുന്ന കാര്യങ്ങൾ കൃത്യമായി ഓർക്കുവാനും, പ്രയോഗിക്കാനുമുള്ള അവസരം നഷ്ടപ്പെടു ത്തുന്നു ്. വിദ്യാലയത്തിലെത്തുന്ന ഏതൊരു കുട്ടിയും, താൻ കൈവരിക്കേ അക്കാദമിക ശേഷികൾ പൂർണ്ണമായും കൈവരി ക്കണം എന്നത് ഒരു വാശിയോടെ തന്നെ നടത്തിയെടുക്കാൻ ഈ വിദ്യാലയം ശ്രദ്ധിക്കുന്നു.

## സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. യു. പി.എസ് കുടപ്പനക്കുന്ന് |
| വിലാസം, ഫോൺ | : | കുടപ്പനക്കുന്ന് പി.ഒ<br>തിരുവനന്തപുരം 695043 |
| സ്കൂൾ കോഡ് | : | 43333 |
| വിദ്യാഭ്യാസ ഉപജില്ല | : | തിരുവനന്തപുരം നോർത്ത് |
| വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| റവന്യു ജില്ല | : | തിരുവനന്തപുരം |
| ബി. ആർ. സി | : | തിരുവനന്തപുരം നോർത്ത് |
| സി. ആർ. സി | : | വട്ടിയൂർക്കാവ് |
| കോർപ്പറേഷൻ | : | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : | തിരു. നോർത്ത് വട്ടിയൂർക്കാവ് |
| ലോകസഭാമണ്ഡലം | : | തിരുവനനന്തപുരം |
| താലൂക്ക് | : | തിരുവനന്തപുരം |
| ഇമെയിൽ | : | kudappanakunnuups@gmail.com |

## പൊതുലക്ഷ്യങ്ങൾ : (8)

* താൻ നേടുന്ന വിദ്യാഭ്യാസം, തന്റെ ജീവികോപാർജ്ജനത്തിനും, താൻ ജീവിക്കുന്ന സമൂഹത്തിനും ഗുണപ്പെടണം എന്ന മനോഭാവം ഉ ാക്കി യെടുക്കൽ.
* ജീവിതത്തിന്റെ പല അവസ്ഥകളിൽ പ്രയോഗിക്കാൻ തക്ക യുക്തി ചിന്തയും, ബുദ്ധിയും വിദ്യാഭ്യാസത്തിൽ കൂടി നേടിയെടുക്കാൻ പ്രാപ്ത രാക്കുക.
* ഭാഷാവിഷയങ്ങളിൽ അറിവ് നേടുന്നത് പ്രയോഗത്തിലൂന്നിയുള്ള ബോധന രീതികൾ വഴി.
* ഗണിത ശാസ്ത്ര ബന്ധപ്പെടുത്തി, വിഷയങ്ങൾ ദൈനംദിന ജീവിത വുമായി
* മലയാള ഭാഷ തെറ്റ് കൂടാതെ എഴുതാനും, വായിക്കാനും ഉള്ള ശേഷി എല്ലാ കുട്ടികളും കൈവരിക്കുക.
* കംപ്യൂട്ടർ പരിജ്ഞാനം മുഴുവൻ കുട്ടികളും ആർജ്ജിക്കുക.
* കലാകായിക വാസനകളെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.
* കാർഷിക സംസ്കാരം കുട്ടികളിൽ വളർത്താനാവശ്യമായ കൃഷി രീതി നടപ്പിലാക്കുക.
* പരിസ്ഥിതി സംരക്ഷണ മാതൃകകൾ വിദ്യാലയത്തിൽ തുടരുക.
* വിദ്യാലയാന്തരീക്ഷം ജനാധിപത്യമൂല്യങ്ങളുള്ളതാക്കുക.
* വ്യക്തിത്വ വികാസ ക്ലാസ്സുകൾ നടത്തുക.
* തൊഴിൽ നൈപുണി വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുക.

## മികവിന്റെ കാഴ്ച്ചപ്പാട് (9)

വിദ്യാലയാന്തരീക്ഷം ഭയരഹിതവും സൗഹാർദ്ദപൂർണ്ണവുമാകണം. പഠനം ഭാരം എന്ന ബോധത്തെക്കാൾ ഉപരി ആസ്വാദ്യകരമാകണം. തന്റെ ആവശ്യങ്ങളുടെ പൂർത്തീകരണം വിദ്യാലയത്തിൽ നിന്നും ലഭിക്കുന്നതാകണം. പൂർണ്ണമായ ജനാധിപത്യമൂല്യങ്ങൾ അനുഭവവേദ്യമാകുന്ന തരത്തിലുള്ള വിദ്യാലയാന്തരീക്ഷം രൂപപ്പെടണം. ഈ വിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടിയും ഓരോ മികവാണെന്നും, ആ മികവുകളെ പൊതുസമൂഹത്തിന് ബോധ്യപ്പെടുത്തി, പൊതുവിദ്യാലയം മികവിന്റെ കേന്ദ്രമാണെന്ന യാഥാർത്ഥ്യം തിരിച്ചറിയുക വഴി, വിദ്യാലയത്തെ പ്രൗഢിയിലെത്തിക്കുക.

# മലയാളം (10)

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളും അനായാസം ആശയവ്യക്തതയോടെ എഴുതണം, വായിക്കണം.
- കുട്ടികൾ അവരുടെ പ്രായത്തിന് അനുയോജ്യമായ രീതിയിൽ ആശയവിനിമയം നടത്താനുള്ള ശേഷി നേടണം.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം ഉ ാക്കുന്നു.
- ആശയങ്ങളെ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.
- ഭാഷാവികസനത്തിനുള്ള ഐ.സി.റ്റി സാധ്യത

## പ്രവർത്തനങ്ങൾ

- ക്ലാസ്സ് ലൈബ്രറി വായന
- മധുരവായന
- വായനാ കാർഡ് നിർമ്മാണം, വായന
- മലയാളത്തിളക്കം പരിശീലന പരിപാടി
- രചനാശില്പശാല
- സർഗ്ഗാത്മക രചനകൾ
- സവിശേഷ ദിനങ്ങൾ ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക പരിപാടി.
- മികച്ച ഗ്രന്ഥശാലാപ്രസ്ഥാനവുമായി യോജിച്ച് മികച്ച ആസ്വാദനകുറിപ്പ് തെരഞ്ഞെടുക്കൽ, സമ്മാനദാനം
- സംയുക്തഡയറി

## പ്രവർത്തനം - 1 പ്രവർത്തനത്തിന്റെ പേര്, വായിക്കാം, എഴുതാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| വായിക്കാം എഴുതാം | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. അക്ഷരകാർഡ്, വാക്കുകൾ എഴുതിയകാർഡ് എന്നിവനൽകി വായനയിലേക്ക് നയിക്കുന്നു. ലൈബ്രറി ബുക്കുകൾ നൽകി കഥാവായന പ്രോത്സാഹിപ്പി ക്കുന്നു. കഥ എഴുതുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകൻ | സ്റ്റാഫ് ഫ ് | |

പ്രവർത്തനം - 2, മധുരവായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| മധുരവായന | അധ്യാപകൻ വായിച്ച പുസ് തകത്തെ ക്ലാസ്സിൽ ഹൃദ്യമായ ഭാഷാശൈലിയോടു കൂടി അവതരിപ്പിക്കുന്നു. (വായന/ അവതരണം) അവതരണത്തിൽ നിന്ന് പുസ്തക വായനയ്ക്കുള്ള താൽപ്പര്യം ജനിപ്പിക്കുന്നു | വർഷം മുഴുവൻ | അധ്യാ പകനും രക്ഷിതാ വും | | |

### പ്രവർത്തനം 3 മലയാളത്തിളക്കം തുടർച്ച

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| • മലയാളത്തിളക്കം തുടർച്ച<br>• പാഠരൂപീകരണം | വീഡിയോ പ്രദർശിപ്പിക്കുന്നു. കുട്ടി എഴുതുന്നു.<br>ടീച്ചർ എഴുതുന്നു, പൊരുത്തപ്പെടുത്തുന്നു, തിരുത്തി എഴുതുന്നു.<br>സ്വയം എഴുതുന്നു. | ര ാം ടേം (തുടർ പ്രവർത്തനം വർഷം മുഴുവൻ) | അധ്യാപകൻ | | |

### പ്രവർത്തനം 4 രചനാശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| രചനാ ശില്പശാല | സാഹിത്യകാരന്മാരെയും സാഹിത്യ ശാഖകളെയും പ്രമുഖ കൃതികളെയും പരിചയപ്പെടൽ. പൊതുവേദികളിൽ സംസാരിക്കുവാനുള്ള കഴിവ് വളർത്തൽ (അസംബ്ലി, ബാലസഭ) | മൂന്നാം ടേം | അധ്യാപകൻ<br>SSG<br>PTA | | |

### പ്രവർത്തനം 5 സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| സർഗ്ഗാത്മക രചന | കഥാപൂർണം, കവിതാ പൂരണം, സംഭാഷണമെഴുത്ത്, നാടകരചന, കവിതയെ കഥയാക്കൽ, കഥാപാത്ര നിരൂപണം, വിവരണം, വർണ്ണന തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. | ര ാം ടേം മുതൽ | അധ്യാപകൻ | | |

**പ്രവർത്തനം : 6, ദിനാചരണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ദിനാചരണ പ്രവർത്തനങ്ങൾ | സവിശേഷ ദിനങ്ങളുടെ ആചരണം.<br>മഹാൻമാരെ പരിചയപ്പെടൽ, പുസ്തക പരിചയം, ക്വിസ്, പ്രത്യേക അസംബ്ലി, പ്രസംഗം, തുടങ്ങിയ പരിപാടികൾ | വർഷം മുഴുവൻ | അധ്യാപകരും കുട്ടികളും | | |

**അനുരൂപീകരണ പ്രവർത്തനങ്ങൾ (മലയാളം എൽ.പി, യു.പി.വിഭാഗം)**

- അക്ഷരചാർട്ട്, കാർഡ്, ഗാനങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ചിഹ്നങ്ങൾ ചേർത്ത് അക്ഷര ങ്ങൾ വായിപ്പിക്കുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തി ഉച്ചാരണം പരിചയപ്പെടുത്തുന്നു.
- കഥ, കവിത, ആസ്വാദനം, കഥ പറയൽ, കവിത ചൊല്ലൽ
- ചിത്രവായന
- അഭിനയഗാനം
- അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ എഴുതൽ
- വാക്കുകൾ തിരിച്ചറിയൽ
- സംഭാഷണം പറയൽ

## ഇംഗ്ലീഷ് – (11)

**ലക്ഷ്യങ്ങൾ**

- ഇംഗ്ലീഷിൽ നിർഭയമായി ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
- സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും സജ്ജരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുക.
- ICT സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- എല്ലാ കുട്ടികളിലും ഇംഗ്ലീഷ് പഠനത്തിലുള്ള താൽപര്യം ജനിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ഇംഗ്ലീഷ് അസംബ്ലി
- റേഡിയോ ക്ലബ്ബ്
- തെറ്റില്ലാതെ എഴുതാം
- അക്ഷരം മുതൽ ഖണ്ഡിക വരെ
- ഇംഗ്ലീഷ് അസംബ്ലി
- ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പ്രോത്സാഹനം
- My own dictionary
- ഇംഗ്ലീഷ് മാഗസിൻ

**പ്രവർത്തനം –2 തെറ്റില്ലാതെ എഴുതാം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാനുള്ള പരിശീലനം | വാക്കുകളുടെ സ്പെല്ലിംഗ് പഠനം അക്ഷരത്തിൽ നിന്ന് വാക്കിലേക്ക് വാക്കുപയോഗിച്ച് വാക്യത്തിലേക്ക് വാക്യത്തിൽ നിന്ന് ഖണ് ഡികയിലേക്ക് എഴുത്ത് വികസിപ്പിക്കുന്നു. കുട്ടികൾ വരുത്താനിടയുള്ള വിവിധതരം തെറ്റുകൾ (Spelling error, Gramatical error, | വർഷം മുഴുവൻ<br>1 വർഷം | അധ്യാപകൻ<br>രക്ഷിതാക്കൾ<br>അധ്യാപിക | സ്റ്റാഫ് ഫ ് | |

| | | | | | |
|---|---|---|---|---|---|
| | Syntactial errors) തിരുത്തുന്നതിന് ഉതകുന്ന വിശദ മായ എഡിറ്റിംഗ് | | | | |

. പ്രവർത്തനം – 3 ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരു ത്തൽ |
|---|---|---|---|---|---|
| ഇംഗ്ലീഷി നായി ആഴ്ചയിൽ ഒരു ദിനം | ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. പ്രസംഗം, പഴഞ്ചൊല്ലുകൾ, ശൈലികൾ,വാക്കു കൾ പരിചയ പ്പെടുത്തൽ കഥകൾ, കവിതകൾ, സാഹിത്യകാരൻമാ രെ പരിചയ പ്പെടുത്തൽ എന്നിവ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.<br>അന്നേ ദിവസം മുഴുവൻ കുട്ടികളും അധ്യാപകരും ഇംഗ്ലീഷിൽ തന്നെ ആശയ വിനിമയം നടത്താൻ പരിശ്രമിക്കുന്നു. | 1 വർഷം<br>വർഷം മുഴുവൻ | അധ്യാപിക<br>അധ്യാപക ൻ<br>വിദ്യാർത്ഥി കൾ | | |

| പ്രവർത്തനം – 4 റേഡിയോക്ലബ്ബ് | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
| ഭാഷ കേൾക്കാനും പറയാനും ഉള്ള അവസരം ലഭ്യമാക്കൽ | മാസത്തിലൊരിക്കൽ ഇംഗ്ലീഷ് പരിപാടികൾ ഉൾപ്പെടുത്തി കൊ ് റേഡിയോ ക്ലബ്ബ് പ്രവർത്തനം നടത്തുന്നു. വായനയ്ക്കും ഭാഷണത്തിനും പ്രാധാന്യം നൽകുന്ന പ്രവർത്തനമാണിത്. മികച്ച വായനക്കാരേയും മികച്ച കേൾവിക്കാരേയും ക ത്തുന്നു. | വർഷം മുഴുവൻ | അധ്യാപിക | | |

**അനുരൂപീകരണ പ്രവർത്തനങ്ങൾ**

- learning, inclusive education (ഓഡിയോ വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള അനുഭവങ്ങൾ നൽകൽ)
- debate, seminar, drama, action song, skit, choreography, Mime, Anchoring etc
- Lend your Ear ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോഡിംങ്ങ് കേൾപ്പിക്കുന്നു
- follow me if you can ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനവസരം നൽകുന്നു.
- Breaking News : English news കേൾപ്പിക്കുന്നു.
- Treasure hunt : വ്യത്യസ്തവിഷയങ്ങൾ നൽകി വിവരിക്കുന്നു.
- Infinity reading

- Class Library
- Home Library
- Alphabets ഉറപ്പിക്കൽ
- Reading cards
- Newspaper reading
- Match the letters
- വാക്യപിരമിഡ്, പദസൂര്യൻ
- picture reading
- Dictionary making
- Arranging words in alphabetical order
- E-cube, Reader's Theature

## ഹിന്ദി (12)

**ലക്ഷ്യങ്ങൾ**

- ഭാഷ, അക്ഷരരൂപങ്ങളെ മനസ്സിലാക്കുക, തിരിച്ചറിയുക
- ഭാഷ കേൾക്കാനുള്ള പരമാവധി സാഹചര്യം വിദ്യാലയാന്തരീക്ഷത്തിൽ സൃഷ്ടിക്കുക.
- ആശയവിനിമയത്തിന് ലളിതമായ ഭാഷാരൂപങ്ങൾ പ്രയോഗിക്കാനുള്ള ആത്മവിശ്വാസം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക.
- തെറ്റ് കൂടാതെ എഴുതാൻ പ്രാപ്തരാക്കുക.
- ഹിന്ദിയിൽ അസംബ്ലി അവതരിപ്പിക്കാൻ പ്രാപ്തരാക്കുക.
- കംപ്യൂട്ടർ സാങ്കേതിക വിദ്യയിൽ കൂടി ഹിന്ദി ടൈപ്പിംഗ് അറിവ് നേടുക
- ലഘുനാടകങ്ങൾ ഹിന്ദിയിൽ അവതരിപ്പിക്കാനുള്ള ആത്മവിശ്വാസം നേടിയെടുക്കുക:
- രാഷ്ട്രഭാഷയെ മാനിക്കുകയും പ്രായോഗിക ജീവിതത്തിൽ ഭാഷയുടെ അറിവ് എത്രമാത്രം അനിവാര്യമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കുക.
- ഭാഷാ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും സജീവ സാന്നിധ്യം ഉറപ്പു വരുത്തുക.
- ഹിന്ദി മഞ്ച് പ്രവർത്തനങ്ങൾ
- ക്ലാസ്സുകൾ പൂർണ്ണമായും ഹിന്ദി ഭാഷാന്തരീക്ഷത്തിൽ
- ലേഖന പ്രവർത്തനങ്ങൾ

**പ്രവർത്തനമേഖല, ഭാഷാപരിചയം, ആസ്വാദനം, ആശയവിനിമയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷയെ അറിയുക, മനസ്സിലാക്കുക, പരിചയപ്പെടുക | ക്ലാസ്സ് മുറികളിൽ അധ്യാപകൻ പരമാവധി ഭാഷാന്തരീക്ഷം സൃഷ്ടിക്കുന്നു. കഥകൾ, കവിതകൾ | വർഷം മുഴുവൻ | അധ്യാപകൻ | |
| ഭാഷ ആസ്വദിക്കുക | ഗാനങ്ങൾ, ഹിന്ദി വാർത്തകൾ, റേഡിയോ ക്ലബ് വഴി കേൾക്കാനുള്ള അവസരം | വർഷം മുഴുവൻ | അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| തെറ്റു കൂടാതെ എഴുതാനുള്ള കഴിവ് നേടൽ | ഹിന്ദി മഞ്ച്, ചുമർ പത്രിക ദിനാചരണങ്ങളുടെ പോസ്റ്റർ നിർമ്മാണം. | വർഷം മുഴുവൻ | അധ്യാപകൻ | |
| ഹിന്ദി അസംബ്ലി | എല്ലാ കുട്ടികളുടേയും പ്രാപ്തരാക്കാൻ ഹിന്ദി ക്ലബ്ബിന്റെ മാതൃകാ അസംബ്ലി സംഘടിപ്പിക്കുക | വർഷം മുഴുവൻ | അധ്യാപകൻ | |
| ഹിന്ദി സാഹിത്യ പരിചയം | പുസ്തകങ്ങൾ, സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ശേഖരിക്കൽ പ്രദർശിപ്പിക്കൽ ICT ഇന്റർനെറ്റ് ഹിന്ദിയിൽ പരിചയപ്പെടുത്തു വീഡിയോകൾ പ്രദർശിപ്പിക്കൽ | 1 വർഷം | അധ്യാ പകൻ | 1000/ |
| പൊതുവേദികളിൽ ഭാഷയിൽ വ്യവഹാര രൂപങ്ങളുടെ ദൃശ്യാവതരണം | സ്കിറ്റ് തയ്യാറാക്കൽ, സംഭാഷണം തയ്യാറാക്കൽ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു വർഷം ഒരു നാടകം പരിശീലനം. | | അധ്യാപകൻ ഐറ്റി സ്കൂൾ | |
| ഹിന്ദി ടൈപ്പിംഗ് | ICT യുടെ സഹായത്തോടെ ഹിന്ദി ടൈപ്പിംഗ് പരിശീലിപ്പിക്കുക | | അധ്യാപകൻ | |
| ഭാഷാവ്യവഹാര രൂപങ്ങൾ ലളിതമായി എഴുതി അവതരിപ്പിക്കാനു ള്ള ആത്മ വിശ്വാസം | ഹിന്ദി മഞ്ച് നോട്ടീസ് ബോർഡുകൾ പോസ്റ്റർ നിർമ്മാണം ഹിന്ദി പതിപ്പ് നിർമ്മാണം. | | | |

**അനുരൂപീകരണം (ഹിന്ദി) - യുപി വിഭാഗം**

- അക്ഷരകാർഡ് നൽകി അക്ഷരങ്ങൾ പരിചയപ്പെടുത്തുക
- വാക്കുകൾ ചിത്രങ്ങളുടെ സഹായത്തോടെ പരിചയപ്പെടുത്തുക
- ചിത്രരചന, പോസ്റ്റർ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ അക്ഷരങ്ങളും വാക്കുകളും എഴുതാനുള്ള അവസരം ഒരുക്കുക.
- നിറം നൽകാനുള്ള പ്രവർത്തനത്തിലൂടെ നിറങ്ങളുടെ ഹിന്ദിപദങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുക
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തി ചെറുകഥകളും കവിതകളും കേൾക്കാനും ആസ്വദിക്കാനുമുള്ള അവസരം ഒരുക്കുക.
- ICTപ്രയോജനപ്പെടുത്തി നിത്യോപയോഗവസ്തുക്കൾ, ചുറ്റുപാടും കാണുന്ന ജീവികൾ, വസ്തുക്കൾ എന്നിവയുടെ ഹിന്ദിപദങ്ങൾ പരിചയപ്പെടുത്തുന്നു. നിറങ്ങൾ പരിചയപ്പെടുത്തുന്നു. ആഴ്ചയിലെ ദിനങ്ങൾ, മാസങ്ങൾ എന്നിവ പട്ടികപ്പെടുത്തുന്നു.
- ചിത്രകഥാ വായന, ചെറുകഥാ-കവിതാപുസ്തകവായന,
- വായനാകാർഡുകൾ വായിക്കുക
- ചിത്രങ്ങൾ, പദസൂര്യൻ എന്നിവയുടെ സഹായത്താൽ കഥ-കവിതാര ചന
- ദിനാചരണങ്ങളുടെ ഭാഗമായി പോസ്റ്റർ രചന, പ്രസംഗം
- കുട്ടിക്കഥകളും കവിതകളും കേട്ട് ആസ്വദിക്കുക
- ഹിന്ദി അസംബ്ലി
- ദിനാചരണങ്ങൾ (ജൂലൈ 31, സെപ്റ്റംബർ 14, ജനുവരി 10)
- ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ

## ഗണിതം (13)

**ലക്ഷ്യങ്ങൾ**

- ഗണിതാശയങ്ങൾ, ചതുഷ്ക്രിയകൾ എന്നിവ എല്ലാ കുട്ടികളിലും എത്തിക്കുക.
- കൃത്യതയോടും സൂഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിന്.
- ഗണിതം ആസ്വദിക്കാൻ തരത്തിലേക്ക് കുട്ടികളെ എത്തിക്കുക.
- ഗണിതോപകരണങ്ങൾ ഉപയോഗിച്ച് ഗണിതപഠനം രസകരമാക്കുക.
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി വ്യാഖ്യാനിക്കാനുള്ള കഴിവ് ഉ ാക്കുക.
- ഗണിതപഠനം ലളിതമാക്കുക.

ICT സാധ്യതകൾ ഗണിതപഠനത്തിന് പ്രയോജനപ്പെടുത്തുക

**പ്രവർത്തനം**

1. അബാക്കസിന്റെ ക്രമീകരണം
2. ഗണിതരൂപ നിർമ്മാണം
3. മതിച്ചു പറയൽ
4. ഗണിതം മധുരം
5. പതിപ്പ് തയ്യാറാക്കൽ
6. ഗണിതലാബ് നവീകരണം.
7. ഉല്ലാസഗണിതപ്രവർത്തനങ്ങൾ തുടർച്ച.

**പ്രവർത്തനം- 1 ക്രമീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| വിവിധ തരത്തിലുള്ള ഗണിതോപ കരണങ്ങൾ ഉപയോഗിച്ച് ചതുഷ്ക്രിയകൾ കുട്ടികളിൽ എത്തിക്കുന്നതിന് | അബാക്കസ്, സംഖ്യാകാർഡ്, മുത്തുകൾ എന്നിവ ഒരുക്കുന്നു. സംഖ്യാകാർഡിലെഴുതിയ ക്രിയകൾ ക്കനുസരിച്ചുള്ള മുത്തുകൾ അബാക്കസിൽ ക്രമീകരിക്കുന്നു. | 1 വർഷം | ഗണിതാ ധ്യാപിക | | |

| | | | | | |
|---|---|---|---|---|---|
| | ക്രിയാഫലം ക ത്തുന്നു. മഞ്ചാടി, മുത്തുകൾ, കമ്പ്കെട്ട് സംഖ്യാപോക്കറ്റ് സംഖ്യാറിബൺ, സംഖ്യാചക്രം, സംഖ്യാകളം, പാമ്പും കോണിയും തുടങ്ങിയവ ഉപയോഗിച്ച് ചതുഷ്ക്രിയകളിൽ പ്രാപ്തരാക്കുന്നു. ICT ഉപയോഗിച്ചുള്ള പഠനം | | | | |

**പ്രവർത്തനം 2 രൂപങ്ങൾ ചേർന്നാൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിതരൂപങ്ങൾ നിർമ്മിക്കുന്നതിന് | കുട്ടി കടലാസ് ഉപയോഗിച്ച് ഒരേ വ്യത്യസ്ത വലിപ്പമുള്ള രൂപങ്ങൾ തയ്യാറാക്കുന്നു. ചില രൂപ മാതൃകകൾ അധ്യാപിക പരിചയപ്പെടുത്തുന്നു | 2 മാസം | അധ്യാപിക | സ്റ്റാഫ് ഫ ് | |
| | ഗണിതരൂപങ്ങൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ | | | | |
| | നിർമ്മിക്കാനവസരം നൽകുന്നു. പ്രദർശിപ്പിക്കുന്നു. ഗണിതമേളയിൽ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. പിന്നാക്കക്കാരെ പരിഗണിക്കുന്നു. | | | | |

### പ്രവർത്തനം-3 കാർഡ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| | അധ്യാപിക തയ്യാറാക്കിയ ഗണിതകാർഡുകൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ നൽകുന്നു. ഗണിത ക്രിയകളുൾപ്പെടുന്ന കാർഡുകൾ അധ്യാപികയും കുട്ടികളും ചേർന്ന് തയ്യാറാക്കുന്നു. ഗണിത ക്രിയകളുൾപ്പെടുന്ന കാർഡുകൾ സ്വയം തയ്യാറാക്കുന്നതിന വസരം നൽകുന്നു. | വർഷം മുഴുവ ൻ | ഗണിതാ ധ്യാപിക | ടീച്ചേഴ്സ് ഗ്രാന്റ് | |

### പ്രവർത്തനം-4 മതിച്ചു പറയൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| മനക്ക ണക്ക് പരിശീ ലനം | 1000, 100, 10,1 എന്നിവ ചേർന്ന ഗണിതപ്പാട്ട് അവതരിപ്പിക്കുന്നു. പരിചയപ്പെടുത്തുന്ന കുട്ടികൾക്കവതരിപ്പി ക്കാനവസരം നൽകുന്നു. കൂടുതൽ കടംങ്കഥകൾ ഗണിതപ്പാട്ടുകൾ ക ത്തുന്നു. | 1 മാസം | ഗണിതാ ധ്യാപിക | | |

### പ്രവർത്തനം- 5, ഗണിതം മധുരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| കുസൃതി കണക്ക് ക ത്തൽ | ലൈബ്രറിയിൽ നിന്നും കുസൃതി കണക്കു പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നു. | വർഷം മുഴുവ ൻ | അധ്യാപിക കുട്ടികൾ | | |

| | | | | | |
|---|---|---|---|---|---|
| | കുട്ടിക്ക് പരിചയമുള്ള (യുക്തി തിരിച്ചറിഞ്ഞത്) കുസൃതി കണക്ക് ക ത്തി അവതരിപ്പിക്കാന വസരം അസംബ്ലി ഗണിത ക്ലബ്, ഗണിത ക്വിസ് മാഗസിൻ | | | | |

**പ്രവർത്തനം- 6 ഗണിതലാബ് നവീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിത ലാബ് മെച്ചപ്പെ ടുത്തൽ | ഗണിതോപകരണങ്ങൾ ലേബൽ ക്രമീ കരിക്കുന്നു. ഗണിതപ്രവർത്തന ങ്ങളിലേർപ്പെടുന്ന എല്ലാ കുട്ടികൾക്കും ഇരിപ്പിടം സജ്ജീ കരിക്കുന്നു. ഗണിത സൃഷ്ടികൾ പ്രദർശിപ്പി ക്കാനവസരം | 1 മാസം | അധ്യാപിക | സ്റ്റാഫ് ഫ ് | |

**അനുരൂപീകരണ പ്രവർത്തനങ്ങൾ**

- അബാക്കസ് നിർമ്മാണം
- സംഖ്യാകാർഡ് ഉപയോഗിച്ച് സംഖ്യാബോധം വളർത്തുക
- സംഖ്യാപോക്കറ്റ് നിർമ്മാണം.
- സംഖ്യാകളം, സംഖ്യാചക്രം എന്നിവ ഉപയോഗിച്ച് അടിസ്ഥാനഗണിതം ഉറപ്പിക്കുക.
- ചതുഷ്ക്രിയകൾ ചെയ്യാൻ പ്രാപ്തനാക്കുക.
- ICT ഉപയോഗിച്ചുള്ള പഠനം.

## അടിസ്ഥാനശാസ്ത്രം (14)

**ലക്ഷ്യങ്ങൾ**

- ശാസ്ത്രീയാഭിരുചി വളർത്തിയെടുക്കുക.
- പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- ശാസ്ത്രീയ രീതിസ്വായത്തമാക്കുക.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധിപ്പിക്കുക.
- ശാസ്ത്രപഠനം രസകരമാക്കുക.
- നിരീക്ഷണ പാടവം, ജിജ്ഞാസ എന്നിവ പരിപോഷിപ്പിക്കുക.
- ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള അറിവ് നേടുക.

**പ്രവർത്തനങ്ങൾ**

- സയൻസ് ലാബ് മെച്ചപ്പെടുത്തൽ.
- സയൻസ് ക്ലബ്ബിന്റെ പ്രവർത്തനം സജീവമാക്കൽ
- എല്ലാ ദിവസവും പരീക്ഷണങ്ങളിലേർപ്പെടാനുള്ള അവസരമൊരുക്കൽ.
- ഔഷധത്തോട്ട നിർമ്മാണം
- സയൻസിലെ നൂതനാശയങ്ങൾ പരിചയപ്പെടാനുള്ള അവസരമൊരുക്കൽ
- പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ പ്രാപ്തരാക്കുക.
- സ്കൂൾ തല ശാസ്ത്രമേള, പരീക്ഷണോത്സവം, ശില്പശാല എന്നിവ സംഘടിപ്പിക്കുക.
- ICT സാധ്യതകൾ കൂടി ഉൾപ്പെടുത്തി നിരീക്ഷണ സാധ്യതകൾ വർദ്ധിപ്പിക്കുക.
- ശാസ്ത്ര ലൈബ്രറി രൂപീകരിക്കുക.
- സയൻസ് പാർക്ക്

## പ്രവർത്തനം : (1) സയൻസ് ലാബ് മെച്ചപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക | ശാസ്ത്ര ലാബ് കുട്ടികളുടെ പങ്കാളിത്തത്തോടെ ക്രമീകരിക്കൽ, ലാബ് ഉപകരണങ്ങളുടെ പ്രദർശനം, ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ തരംതിരിക്കൽ, പരമാവധി എല്ലാ പ്രവർത്തങ്ങൾക്കും പ്രയോജനപ്പെടുത്തൽ | ജൂൺ | അധ്യാപകൻ | | |

## പ്രവർത്തനം : (2) പരീക്ഷണോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികളേയും പരീക്ഷാ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക | എല്ലാ ദിവസവും ഉച്ച സമയത്ത് പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. കുട്ടികൾ സ്വന്തമായി കെ ത്തി വരുന്ന പരീക്ഷണങ്ങൾ അവതരിപ്പിക്കാൻ അവസരം. കൂടുതൽ പരീക്ഷണങ്ങൾ കെ ത്തി അവതരിപ്പിച്ചവരെ ആദരിക്കൽ, എല്ലാ കുട്ടികളേയും പങ്കാളികളാക്കിക്കൊ ് പരീക്ഷണോത്സവം സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകൻ | | |

## പ്രവർത്തനം : (3) സയൻസ് ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| സയൻസ് ക്ലബ്ബിന്റെ പ്രവർത്തനം സജീവ മാക്കൽ | എല്ലാ ആഴ്ചയിലും ഒരു ദിവസം ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുന്നു. പ്രൊജക്ട് അവതരണം, സെമിനാർ റിപ്പോർട്ട് അവതരണം, കുട്ടികൾ ശേഖരിച്ചു വരുന്ന ശാസ്ത്രത്തിലെ നൂതനാശയങ്ങൾ പങ്കുവയ്ക്കാൻ അവസരം ഒരുക്കൽ | ജൂൺ | അധ്യാപകൻ | | |

## പ്രവർത്തനം : (4) മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ശാസ്ത പഠനം രസകര മാക്കുക | ചിലവു കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ചുള്ള പഠനോപകരണ നിർമ്മാണം, പ്രദർശനം, സ്കൂൾതല ശാസ്ത്രമേള, ജില്ലാതല ശാസ്ത്ര മേളകളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കൽ. | ജൂൺ മാർച്ച് | ടീച്ചർ PTA SSG | സ്റ്റാഫ് ഫ ് | |

**പ്രവർത്തനം : (5) ഔഷധത്തോട്ട നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഔഷധ സസ്യങ്ങളെ കുറിച്ച് അറിവ് കുട്ടികളിലെത്തിക്കുക | ചുറ്റുപാടുമുള്ള ഔഷധസസ്യങ്ങളുടെ വിവരശേഖരണം, പ്രധാന്യം തിരിച്ചറിയൽ ഔഷധത്തോട്ടം നിർമ്മിച്ച് പരിപാലിക്കൽ | ജൂൺ മാർച്ച് | ടീച്ചർ PTA SSG | സ്റ്റാഫ് ഫ ് | |

**പ്രവർത്തനം : (6) പരിസ്ഥിതി സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | മരം നട്ടുപിടിപ്പിക്കൽ, ശലഭപ്പാർക്ക് നിർമ്മാണം മഴക്കുഴി നിർമ്മാണം പരിസ്ഥിതി മലിനീകരണത്തിനെതിരായ പ്രവർത്തനങ്ങൾ പരിസ്ഥിതി കവിതാ ശേഖരണം, പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കൽ | ജൂൺ മാർച്ച് | ടീച്ചർ PTA SSG | സ്റ്റാഫ് ഫ ് | |
| | പച്ചക്കറി കൃഷി ജൈവ വൈവിധ്യ പാർക്ക് | ജൂൺ മാർച്ച് | | | |

## പ്രവർത്തനം : (7) ശാസ്ത്രവായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| നിരീക്ഷണ പാഠവം, ജിജ്ഞാസ എന്നിവ പരിപോഷിപ്പിക്കൽ | ശാസ്ത്ര പ്രാധാന്യമുള്ള പുസ്തകങ്ങൾ ശേഖരിക്കൽ, അത്തരം പുസ്തകങ്ങൾ വായിക്കുന്നതിനും കുറിപ്പ് തയ്യാറാക്കുന്നതിനും അവസരം ശാസ്ത്ര പ്രാധാന്യമുള്ള പുസ്തകങ്ങൾ ശേഖരിച്ച് ക്രമീകരിച്ച് ശാസ്ത്ര ലൈബ്രറി രൂപീകരണം, ശാസ്ത്ര വായനയിലൂടെ നേടിയ അറിവുകൾ സയൻസ് ക്ലബ്ബുകളിൽ അവതരിപ്പിക്കുന്നു. | ജൂൺ മാർച്ച് | ടീച്ചർ PTA SSG | സ്റ്റാഫ് ഫ ് | |

**അനുരൂപീകരണപ്രവർത്തനങ്ങൾ**

- പരീക്ഷണങ്ങളിൽ പങ്കാളികളാക്കുക
- ചാർട്ട് നിർമ്മാണം
- ശാസ്ത്രഉപകരണങ്ങളുടെ നിർമ്മാണം
- ചിത്രങ്ങൾ, ICT സാധ്യതകൾ ഇവ ഉപയോഗിച്ച് ആശയം മനസ്സിലാക്കിക്കുക.
- നിരീക്ഷിച്ച് പട്ടികപ്പെടുത്തൽ

## സാമൂഹ്യശാസ്ത്രം: (15)

**ലക്ഷ്യങ്ങൾ**

- താൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ സ്പന്ദനം അറിയുക
- ജനാധിപത്യ മൂല്യങ്ങൾ സ്വയത്തമാക്കാൻ തക്ക തിരിച്ചറിവ് ഉ ാക്കിയെടുക്കുക.
- സമൂഹമാറ്റത്തിന് വേ ി പ്രവർത്തിക്കാൻ തക്ക മനോഭാവം.
- ഭൂമിശാസ്ത്രത്തിന്റെ അറിവുകൾ, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം തിരിച്ചറിയുക.
- മാനവിക മൂല്യങ്ങൾ, ശരിയായ സ്വഭാവ രൂപീകരണത്തിന് അനിവാര്യമാണെന്ന ബോധ്യം ഉ ാക്കിയെടുക്കുന്നു.
- ലോകരാഷ്ട്രങ്ങളെ സംബന്ധിച്ച സാമാന്യ ധാരണ ഭൂപടങ്ങൾ പരിചയപ്പെടുക, സ്ഥാനം, പ്രത്യേകതകൾ മനസ്സിലാക്കിയെടുക്കുക.
- രാഷ്ട്രബോധം, രാഷ്ട്രീയത, സഹജീവി സ്നേഹം മനോഭാവങ്ങളുടെ രൂപീകരണം.
- പഴമയാണ്, പുതുമയുടെ ആണിക്കല്ല്, ചരിത്രം വർത്തമാനത്തിന്റെ നിർമ്മാതാവ് എന്ന ആശയം രൂപീകരിക്കൽ
- സാമൂഹ്യവ്യവസ്ഥിതികൾ അന്നും ഇന്നും തിരിച്ചറിയുക, മാറ്റത്തിന്റെ കാരണങ്ങൾ തിരിച്ചറിയുക
- ജൈവ വൈവിധ്യ പാർക്കിന്റെ ദാനമായി വിദ്യാലയ വളപ്പിലുള്ള സസ്യ ങ്ങളുടെ രജിസ്റ്റർ
- വിദ്യാലയ ഭരണഘടന രൂപീകരണം പ്രാരംഭ പ്രവർത്തനങ്ങൾ

**പ്രവർത്തനങ്ങൾ**

- വിവിധ പത്രമാധ്യമങ്ങൾ
- ഭരണഘടന പരിചയപ്പെടൽ
- ഭൂപടങ്ങൾ, ഡിജിറ്റൽ അറ്റലസ്.
- ദേശീയബോധം ഉളവാക്കുന്ന വാർത്തകൾ, വീഡിയോ ദൃശ്യങ്ങൾ, ഫോട്ടോസ്
- സാമൂഹിക മാറ്റത്തിനുപകരിച്ച വിവിധ പുസ്തകങ്ങളുടെ പരിചയം
- പഴമയെ പരിചയപ്പെടുത്തുന്ന വിവിധ മാധ്യമങ്ങൾ
- സാമൂഹ്യ വ്യവസ്ഥിതികൾ എടുത്തു കാട്ടിയിരുന്ന സാഹിത്യസൃഷ്ടികളുടെ പരിചയപ്പെടൽ, വായന, കുറിപ്പ് തയ്യാറാക്കൽ
- മാനവരാശിയെ ജാതി, മത ചിന്തകൾക്കതീതമായി മനുഷ്യനെന്ന് ഉദ്ഘോഷിച്ച വിവിധ സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുക
- സെമിനാർ, പ്രൊജക്ട്, പ്രദർശനങ്ങൾ, ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ
- സാമൂഹ്യശാസ്ത്രലാബ്, സാമൂഹ്യശാസ്ത്ര ക്ലബ്ബ്
- ആധുനീക സാങ്കേതിക വിദ്യയുടെ ഉപയോഗം
- താൻ തിരിച്ചറിഞ്ഞ സമൂഹത്തിന്റെ സ്പന്ദനം തുടിക്കുന്ന പതിപ്പ് നിർമ്മാണം.

## പ്രവർത്തനം സാമൂഹിക ബോധം, ജനാധിപത്യബോധം, രാഷ്ട്രബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| താൻ ജീവിക്കുന്ന ചുറ്റുപാടിനെ മനസ്സിലാക്കുക, സാമൂഹികാവസ്ഥ, മാറ്റങ്ങൾ തിരിച്ചറിയുക | വിവിധയിനം സമൂഹ വാർത്താ മാധ്യമങ്ങൾ പരിചയപ്പെടുക, പത്രപാരായണം, കൊളാഷുകൾ തയ്യാറാക്കൽ, വാർത്തകൾ ശേഖരിക്കൽ | വർഷം മുഴുവൻ | അധ്യാപകൻ പിറ്റിഎ | |
| സ്കൂൾ പാർലമെന്റ് ജനാധിപത്യസംവിധാനം മേന്മകൾ തിരിച്ചറിയൽ | വോട്ടിംഗിലൂടെ ലീഡറെ തെരഞ്ഞെടുക്കൽ | ജൂൺ ജൂലായ് | എസ്ആർജി | |
| ഭാരതത്തിന്റെ ഭരണഘടന മനസ്സിലാക്കുക, മാനിക്കുക, മഹത്വം തിരിച്ചറിയുക | ക്ലാസ്സുകളിൽ ഭരണഘടനയുടെ കോപ്പികൾ നൽകി വിശദീകരിക്കുക. ഐെസിറ്റി അവകാശങ്ങൾ, അധികാരങ്ങൾ, കടമകൾ പരിചയപ്പെടുക | 2 മാസം | എസ് എസ് ക്ലബ്ബ് അധ്യാപകൻ | |

## പ്രവർത്തനമേഖല ലോകത്തെ അറിയുക, സാംസ്കാരിക വൈവിധ്യങ്ങൾ, കാലാവസ്ഥ, കാർഷികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ഭൂപടങ്ങൾ, ഡിജിറ്റൽ അറ്റ്ലസ് ഉപയോഗിക്കൽ | 4 മാസം | എസ് എസ് അധ്യാപകൻ | |
| പല നാടുകളിലെ കാലാവസ്ഥ, കാർഷിക പ്രത്യേകതകൾ അറിയുക | ഇന്റർനെറ്റിന്റെ പലതരം കൃഷി രീതികൾ ക ˘ മനസ്സിലാക്കുക | 2 മാസം | എസ് എസ് അധ്യാപകൻ | |
| ഓരോ നാടിനും ഓരോ സംസ്കാരം, അത് സംരക്ഷിക്കപ്പെ.. എന്ന ആവശ്യം | നാട്ടറിവുകൾ ഉത്സവങ്ങൾ ആചാരങ്ങൾപുസ് തകങ്ങൾ, പ്രദർശനങ്ങൾ ഇന്റർനെറ്റ് | 3 മാസം | എസ് എസ് അധ്യാപകൻ | |
| കൃഷി സംസ്കാരം നാടിന്റെ സംസ്ക്കാരം | വിദ്യാലയ കൃഷി, കൂട്ടായ്മയിലൂടെ കൃഷി, സെമിനാർപതിപ്പ് നിർമ്മാണം | വർഷം മുഴുവൻ | പിറ്റിഎ എസ് എസ് എസ് ആർജി എസ്എസ്ജി | |

## പ്രവർത്തനമേഖല ലോകത്തെ അറിയുക, സാംസ്കാരിക വൈവിധ്യങ്ങൾ, കാലാവസ്ഥ, കാർഷികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഴമയുടെ മേന്മ | വിദ്യാലയ ചരിത്രം തയ്യാറാക്കൽ | 10 ദിവസം | അധ്യാപകൻ പിറ്റിഎ | |
| ചരിത്രം വർത്തമാനത്തിന്റെ വഴികാട്ടി | നാടിന്റെ ചരിത്രം ചിത്രപ്രദർശനം ചർച്ച സംവാദം | 1 മാസം | പിറ്റിഎ എസ്എസ്ജി | |
| പ്രപഞ്ചരഹസ്യങ്ങളെ സംബന്ധിച്ച് | സൗരമണ്ഡലത്തിന്റെ വിവിധ ശാസ്ത്ര വീഡിയോകൾ, നാസാ അറിവുകൾ | 2 മാസം | അധ്യാപകൻ | |
| മനുഷ്യന്റെ വികാസ വഴികൾ സംസ്കാരം തിരിച്ചറിവ് | മാനവ സംസ്കാരങ്ങളുടെ പരിചയപ്പെടൽ, ഐസിറ്റി, പുസ്തകങ്ങൾ വഴി ചിത്രപ്രദർശനം, പതിപ്പ് നിർമ്മാണം | 4 മാസം | അധ്യാപകൻ യുആർസി | |

**അനുരൂപീകരണ പ്രവർത്തനങ്ങൾ**

- ഭൂപടവായന
- ICT സാധ്യത പ്രയോജനപ്പെടുത്തൽ
- ചാർട്ടുകളുടെ നിർമ്മാണം

## ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ (16)

**മേഖല: കലാകായികം (16)**

കലാകായിക രംഗത്ത് നിരവധി പ്രതിഭകളെ സംഭാവന ചെയ്ത വിദ്യാലയം ഇന്ന് അത്തരത്തിലുള്ള പ്രതിഭകളെ കണ്ടെത്താനാകാതെ പോകുന്നു എന്നത് ദുർഭാഗ്യകരമായ സംഗതിയാണ്.അതുകൊണ്ടു തന്നെ ഈ അക്കാദമിക വർഷം മുതൽ കലാകായിക മേഖലകളിൽ കുട്ടികളുടെ കഴിവുകളെ കണ്ടെത്തി വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു.

**ലക്ഷ്യങ്ങൾ**

- ചിത്രകലയിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകുക
- നീന്തൽ പരിശീലനത്തിനുള്ള സാഹചര്യങ്ങൾ കണ്ടെത്തി കുട്ടികളെ പരിശീലിപ്പിക്കുക
- പേപ്പർ ക്രാഫ്റ്റ്, എംബ്രോയ്ഡറി പരിശീലിപ്പിക്കുന്നതുവഴി സർഗ്ഗാത്മക വികാസം സാധ്യമാക്കുക
- തയ്യൽ പരിശീലനം

**പ്രവർത്തനങ്ങൾ**

വൺ സ്കൂൾ വൺ ഗയിം - ഫുട്ബോൾ

- പിറ്റിഎയുടെ സഹോയത്തോടെ ചിത്രകലാധ്യാപകന്റെ സേവനം കുട്ടികൾക്ക് നൽകു
- മാസത്തിലൊരിക്കൽ തങ്ങൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം സ്കൂൾ തലത്തിൽ സംഘടിപ്പിക്കുക.
- വിദ്യാലയത്തിനു സമീപത്തുള്ള നീന്തൽകുളം സന്ദർശിക്കുകയും നീന്തൽകോച്ചുമായി വിദ്യാർത്ഥികൾ സംവദിക്കുകയും, നീന്തലിന്റെ ഗുണങ്ങൾ മനസ്സിലാക്കി പരിശീലനത്തിന്റെ ആവശ്യകത ബോധ്യപ്പെടുക.
- പ്രവൃത്തി പരിചയം : തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, കൃഷി, തുന്നൽ

**കാലാവധി**

വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ

**ചുമതല**

PTA, SMC, SRG, URC

## വിവരസാങ്കേതിക വിദ്യ (17)

**ആമുഖം**

പഠനബോധന രീതികളിൽ അറിവ് നിർമ്മാണപ്രക്രീയയിൽ വന്ന മാറ്റങ്ങൾ കൂടുതൽ വിവരസാങ്കേതിക സമ്പ്രദായങ്ങൾ സ്വീകരിക്കുവാനും, പഠന പ്രവർത്തനങ്ങളിൽ അവിഭാജ്യഘടകമായി മാറി എന്നതും ശ്രദ്ധേയമാണ്. ആധുനിക ക്ലാസ്സ്മുറികൾ, വിവരസാങ്കേതിക സമ്പ്രദായങ്ങൾ ഉപയോഗപ്പെടു ത്തുന്ന തരത്തിലാകണമെന്നതും ഇന്നത്തെ പഠനരീതിക്ക് അനിവാര്യമാണ്. വിദ്യാലയങ്ങളെ ഹൈടെക് ക്ലാസ്സ് മുറികളാക്കി മാറ്റി പഠനം കൂടുതൽ ആസ്വാദ്യ കരമാക്കുന്നതിനും, വിദ്യാർത്ഥികളെ കമ്പ്യൂട്ടർ ഉപയോഗത്തിൽ സ്വയം പര്യാ പ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

**ലക്ഷ്യം**

- എല്ലാ ക്ലാസ്സുകളും ഹൈടെക് ആക്കുക
- പഠനപ്രവർത്തനങ്ങൾ വിവരസാങ്കേതിക വിദ്യയിലൂന്നി നടത്തുക
- എല്ലാ വിദ്യാർത്ഥികളും കമ്പ്യൂചട്ടർ ഉപയോഗിക്കാൻ പ്രാപ്തരാകുക
- വിവിധ ഭാഷാ വ്യാവഹാര രൂപങ്ങളുടെ ദൃശ്യാവിഷ്കാരം വഴി ആശയഗ്രഹണം.
- ഗണിതശാസ്ത്ര വിഷയങ്ങൾ ഐസിറ്റിയിലൂടെ ഗ്രഹിക്കൽ,
- പഠനനേട്ടങ്ങൾ
- പ്രസന്റേഷനുകൾ തയ്യാറാക്കൽ ശേഷി

**പ്രവർത്തനങ്ങൾ**

- എല്ലാ വിഷയങ്ങളും പരമാവധി പ്രോജക്ടറിന്റെ സഹായത്തോടെ അവതരിപ്പിക്കുക.
- SIET, DIET തുടങ്ങി ഏജൻസികളുടെ വിദ്യാഭ്യാസ സീഡികൾ പഠനപ്രവർത്തനങ്ങളു മായി യോജിപ്പിച്ച് ക്ലാസ്സുകളിൽ അവതരിപ്പിക്കുക
- ടീച്ചിംഗ് മാന്വൽ, ഐടി പഠനസാമഗ്രികൾ മുൻകൂട്ടി ടീച്ചേഴ്സ് എസ്ആർജി യിൽ തയ്യാറാക്കി പഠനവുമായി ബന്ധപ്പെടുത്തുക.
- കളിപ്പെട്ടി (playbox) കുട്ടികൾ സ്വയം പരിശീലിക്കുക
- തങ്ങളുടെ പ്രവർത്തനങ്ങൾ ഫോൾഡറിൽ സേവ് ചെയ്യാനുള്ള അറിവ്
- ഐടി ലാബുകളിൽ പഠനവിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇന്റർനെറ്റ് സൗകര്യത്തോടെ സ്വയം ശേഖരിക്കുവാനുള്ള അവസരം.